**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .6566 — 21-11-2019 -ൽ മറുപടിക്ക്

## തൂക്കുപാലങ്ങളുടെ നിർമ്മാണത്തിലെ അപാകത

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | റവന്യൂ ദുരന്തനിവാരണ വകുപ്പ് മുഖേന 2006-11 കാലയളവിൽ കാസർഗോഡ് അനുവദിച്ച രണ്ട് തൂക്കുപാലങ്ങളും അനിശ്ചിതത്വത്തിലായത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഏഴ് കോടിയിലധികം രൂപ ചെലവാക്കി നിർമ്മിച്ച ഈ പാലത്തിന്റെ പുനരുദ്ധാരണം നടത്താനോ തകർന്ന പാലത്തിന്റെ കരാറുകാർക്കെതിരെ നടപടി സ്വീകരിച്ച് തകർന്നത് ഉൾപ്പെടെ പുനരുദ്ധരിക്കാനോ തയ്യാറാകാത്തത് സർക്കാരിന് വലിയ നഷ്ടമുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | ബി) | ഉണ്ട്, മാടക്കൽ തൂക്കുപാലം തകർന്നത് പുനർനിർമ്മിക്കുന്നതിന് KEL മായി ഏർപ്പെട്ട എഗ്രിമെന്റ് പരിശോധിച്ച് KEL-നെ കൊണ്ടുതന്നെ പുനപ്രവർത്തി നടത്തുന്നതിനും, തുക തദ്ദേശ സ്വയംഭരണ/ പൊതുമരാമത്ത് വക ഫണ്ട് ഉപയോഗിച്ച് കണ്ടെത്തുവാനും, നിർമ്മാണം നിർത്തിവെച്ച പടന്ന-തെക്കെപ്പുറം പാലത്തിന് അനുവദിച്ച തുക പാലത്തിന്റെ പണി പുനരാരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ KEL-ൽ നിന്നും തിരിച്ച് പിടിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ